**D 53615** **(Pages : 3)** **Name.......................................**

**Reg. No...................................**

# FIRST SEMESTER (CBCSS–UG) DEGREE EXAMINATION NOVEMBER 2023

(B.A./B.Sc.)

Malayalam

MAL 1A07 (1)—MALAYALA SAHITHYAM – I

(2019–2023 Admissions)

Time : Two Hours and a Half Maximum : 80 Marks

## Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക.

(2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25).

1 "ജീവനും കൂടാതെ കേവലം ഭൂമിയിൽ
പാവകൾ വീണുകിടക്കും പോലെ"
—സൂചിതം വ്യക്തമാക്കുക.

2 "പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ "—വിവക്ഷിതം എന്ത് ?

3 "എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും"
—ആശയം വെളിവാക്കുക.

4 "ലക്ഷം മാനുഷർ കൂടുമ്പോളതിൽ
ലക്ഷണമുള്ളവരൊന്നോരണ്ടോ"
—സൂചിതം എന്താണ് ?

5 'എന്തു തന്റെ തീണ്ടലാണ്'—എന്ന നാടൻ പാട്ടിൽ പാക്കനാരുടെ ചോദ്യത്തിന്റെ പ്രസക്തിയെന്താണ് ?

6 "പുത്തൂരം വീട്ടിലെ പെണ്ണുങ്ങളും
പാണനെ തുണകൂട്ടി പോയിട്ടില്ല"
—ആരാണ് ഇപ്രകാരം പറയുന്നത് ? എന്തു കൊണ്ട് ?

7 കത്തുപാട്ടിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

8 കുഞ്ചു എങ്ങനെയാണ് മനയ്ക്കലെ ആനക്കാരനായത് ?

**Turn over**

9 “പരസ്പരം മതിപ്പുള്ളവർ തമ്മിൽ വിവാഹം പാടില്ലെന്ന അഭിപ്രായക്കാരിയാണ് ഞാൻ”–ആരാണ് ഇപ്രകാരം പറയുന്നത് ? എന്തുകൊണ്ട് ?

10 കുട്ടിക്കാലത്ത് പഠിച്ചവരി ഞാൻ ഓർത്തു: ‘ഇവളെ പേടിച്ചാരും നേർവഴി നടപ്പീല’–പരാമർശമെന്താണ് ?

11 തുള്ളൽ എത്രവിധം? ഏതൊക്കെ ?

12 “നിങ്ങളൊക്കെ അല്ലേ, എന്നെ ബംഗ്ലാഭാഷ പഠിപ്പിച്ചത്. നിങ്ങളുടെ ദു:ഖത്തിലൂടെയല്ലേ ഞാൻ ആ ഭാഷ പഠിച്ചത് ”–വിവക്ഷിതം എന്താണ് ?

13 ‘ഘരെ ബായ്‌രെ’ ആരുടെ കഥയെ ആസ്പദമാക്കി ആര് സംവിധാനം ചെയ്ത ബംഗാളി ചിത്രമാണ് ?

14 “ഇരുമ്പു പാളികൾ ചേർത്തടച്ച് ഗേറ്റിനപ്പുറം താൻ പുറത്താക്കിയത് ഇഷ്ടങ്ങളുടെ ഒരു രാജ്യത്തെയാണ് ”–ഇപ്രകാരം ചിന്തിക്കാനുണ്ടായ കാരണമെന്ത് ?

15 “അവിടെ പോകാൻ പാടില്ല. ഉമ്മയുടെ കല്പനയാണ് ”–എവിടെ ? എന്തു കൊണ്ട് ?

(25 marks)

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35.

16 ‘കാളിയമർദ്ദന’ത്തിലെ വർണ്ണനാപാടവം വ്യക്തമാക്കുക.

17 “കേകയപുത്രിക്കു രണ്ടുവരം നൃപ-
നേകിനാൻ പോലതുകാരണം രാഘവൻ
പോകുന്നിതു വനത്തിന്നു”
–ആശയം വെളിവാക്കുക.

18 “വേദാന്ത ചിന്തകൾ സാധാരണക്കാരന്റെ ജീവിതാനുഭവങ്ങളോടിട കലർത്തിയാണ് ‘ജ്ഞാനപ്പാന’യിൽ വർണ്ണിക്കുന്നത് ”–ശരിയോ ?

19 തന്റെ മകൾക്ക് എന്തൊക്കെ ഗുണഗണങ്ങളുള്ള ഭർത്താവ് വേണമെന്നാണ് ഭീഷ്മകൻ അഭിപ്രായപ്പെടുന്നത് ?

20 ഉണ്ണിയാർച്ച, ഭർത്തൃപിതാവിനോട് തനിയ്ക്കും കാഴ്ചയും വേലയും കാണണമെന്ന് ആവശ്യപ്പെട്ടപ്പോൾ നൽകിയ മറുപടി എന്തായിരുന്നു ?

21 “ഭർത്താവിന്റെ ആവശ്യം അതിൽക്കവിഞ്ഞറിയാനും മാത്രം എന്റെ സ്ത്രീത്വം വളർന്നിട്ടില്ല ; വളരുന്ന ലക്ഷണവുമില്ല”–ആരാണ് ഇപ്രകാരം പറയുന്നത് ? എന്തു കൊണ്ട് ?

22 “പൊന്നണിഞ്ഞു മതിയും കൊതിയും തീർന്നവരാണ് അവർ. അവരുടെ പെട്ടിയിലിപ്പെഴും കാണും നൂറു പവന്റെ ഉരുപ്പടി ”–സന്ദർഭം വിശദമാക്കുക.

23 രാച്ചിയമ്മ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

(35 marks)

## Section C

ഏതെങ്കിലും **രണ്ട്** ചോദ്യത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24 ഉത്തരവാദിത്ത ബോധവും പ്രായോഗിക ബുദ്ധിയും ചേർന്നു സഫലമാക്കിയ മനുഷ്യ സ്നേഹത്തിന്റെ കഥയാണ് 'ഒട്ടുചെടി'–വിശദമാക്കുക.

25 തത്ത്വജ്ഞാനത്തെ സരളമായി പ്രതിപാദിക്കുന്ന കൃതിയാണ് 'ജ്ഞാനപ്പാന'. പാഠഭാഗത്തെ ആസ്പദമാക്കി വിശകലനം ചെയ്യുക.

26 'തന്തത്താഴ്' എന്ന കഥയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

27 'സ്ത്രീത്വത്തിന്റെ കരുത്തും നിശ്ചയദാർഢ്യവുമാണ് 'ഉണ്ണിയാർച്ച കൂത്തു കാണാൻ പോയ' സംഭവത്തിൽ അനാവരണം ചെയ്യപ്പെടുന്നത് –പരിശോധിക്കുക.

(2 × 10 = 20 marks)